LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ

62 (815) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2002-03 വർഷത്തിൽ നൽകേണ്ട പദ്ധതി തുകയിൽ കുറവു വരുത്തിയിരുന്നുവോ ;

(ബി) എങ്കിൽ കുറവ് വരുത്തിയ തുക എത്രയാണെന്നും അത് എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ വർഷത്തെ പദ്ധതി നിർവ്വഹണത്തിന് സമയപരിധി ഏർപ്പെടുത്തിയിരുന്നോ ;

(ഡി) എങ്കിൽ എപ്പോഴാണെന്നും പ്രസ്തുത സമയപരിധിക്കുള്ളിൽ എത്ര തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകിയ പ്രോജക്ടുകൾക്ക് ഡി.പി.സി.കൾ അംഗീകാരം നൽകുന്നതിന് സമയപരിധി നിശ്ചയിച്ചിരുന്നോ ;

(എഫ്) എങ്കിൽ എപ്പോഴായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ജി) തിരുവനന്തപുരം ജില്ലയിൽ പല തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പ്രോജക്ടുകൾ മാർച്ച് 31-നുശേഷം മാത്രമാണ് അംഗീകരിച്ചു നൽകിയതെന്ന ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ?

ഉത്തരം

(എ) വരുത്തിയിരുന്നു.

(ബി) 335.50 കോടി രൂപ. (25 ശതമാനം)

(സി) ഇല്ല. സാമ്പത്തിക വർഷം കഴിയുമ്പോൾ പദ്ധതി വിഹിതത്തിൽ ചെലവാകാത്ത തുക ക്യാരിഓവർ തുകയായി ചെലവഴിക്കുന്ന സമീപനമാണ് വികേന്ദ്രീകൃതാസൂത്രണത്തിൽ തുടർന്നുവരുന്നത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) നിശ്ചയിച്ചിരുന്നു.

(എഫ്) ഗ്രാമപഞ്ചായത്തുകൾക്ക് 22-11-2002 ബ്ലോക്ക് പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും 27-11-2002 ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും 16-12-2002.

(ജി) ഇല്ല.